**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 604** **05-10-2021 - ൽ മറുപടിയ്ക്ക്**

**കയർ തൊഴിലാളി ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് എത്ര വയസ്സ് കഴിയുമ്പോഴാണ് ക്ഷേമനിധി പെൻഷൻ വാങ്ങാൻ കഴിയുകയെന്ന് അറിയിക്കുമോ; | (എ) | കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് 60 വയസ്സ് പൂർത്തീകരിച്ചതിനു ശേഷം തൊട്ടടുത്ത മാസം മുതൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. |
| (ബി) | ഈ പെൻഷൻ വാങ്ങുന്നവർക്ക് വാർദ്ധക്യകാല ക്ഷേമ പെൻഷൻ വാങ്ങിക്കാൻ കഴിയുമോ; വിശദമാക്കാമോ; | (ബി) | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 06.11.2017ലെ സ.ഉ.(കൈ)നം.483/2017/ധന ഉത്തരവിലെ ഖണ്ഡിക 2(vii) പ്രകാരം തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നതൊഴികെയുള്ള ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങുകയാണെങ്കിൽ ക്ഷേമനിധി പെൻഷൻ അതാത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുമെന്നും, 06.02.2017-നു മുൻപ് രണ്ട് പെൻഷനും വാങ്ങിവരുന്നവർക്ക് രണ്ട് പെൻഷനും ലഭിക്കാൻ അർഹതയുണ്ടായിരിക്കുമെന്നും എന്നാൽ 06.02.2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷൻ (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 06.02.2017-നു ശേഷം കയർ തൊഴിലാളി ക്ഷേമ പെൻഷൻ വാങ്ങുന്നവർക്ക് വാർദ്ധക്യകാല പെൻഷൻ വാങ്ങാൻ കഴിയില്ല. |
| (സി) | കയർ തൊഴിലാളികളിൽ നിന്ന് ക്ഷേമനിധി പെൻഷനുള്ള അപേക്ഷ സ്വീകരിച്ച് പെൻഷൻ പാസ്സായാൽ പെൻഷൻ കുടിശ്ശിക അനുവദിക്കാൻ കാലതാമസം എടുക്കുമോ; പെൻഷൻ പാസ്സാക്കുന്ന ബോർഡ് യോഗത്തിൽ തന്നെയാണോ അവരുടെ | (സി) | കയർ തൊഴിലാളി പെൻഷനുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ലഭിക്കുന്ന മുറയ്ക്ക് നിയമപ്രകാരം അവ ബോർഡ് യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും, ബോർഡ് അംഗീകരിക്കുന്നമുറയ്ക്ക് പെൻഷൻകാരുടെ വിവരങ്ങൾ സാമൂഹ്യ സുരക്ഷ പെൻഷൻ സേവന |

| | | | |
|---|---|---|---|
| | കുടിശ്ശിക പെൻഷനും പാസ്സാക്കുന്നത്; വിശദമാക്കാമോ; | | ആപ്ലിക്കേഷനിൽ ഡാറ്റ എൻട്രി ചെയ്ത് അപ്രൂവ് ചെയ്യുന്ന നടപടിയിലൂടെയാണ് ഒരാൾക്ക് പെൻഷൻ ലഭിക്കുന്നത്. നിലവിൽ തന്മാസത്തെ പെൻഷൻ മാത്രമാണ് അനുവദിക്കുന്നത്. ഇപ്രകാരം പെൻഷൻ അനുവദിക്കുന്നവരുടെ 2019 വരെയുള്ള കുടിശ്ശിക തുക നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിലുള്ള കുടിശ്ശിക ലഭിക്കാൻ കയർ തൊഴിലാളി പ്രത്യേക അപേക്ഷ വീണ്ടും നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ഡി) | പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ കുടിശ്ശിക ലഭിക്കുന്നതിന് പ്രത്യേക അപേക്ഷയൊന്നും തന്നെ നൽകേണ്ടതില്ല. സർക്കാരിൽ നിന്നും കുടിശ്ശിക തുക അനുവദിക്കുന്ന മുറയ്ക്ക് ഇത്തരക്കാരുടെ കുടിശ്ശിക തുകയും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ